II ശ്രദ്ധക്ഷണിക്കൽ

മി. സ്പീക്കർ: ശ്രദ്ധക്ഷണിക്കൽ-ശ്രീ. വി. ചെന്താമരാക്ഷൻ-ഇതേ വിഷയത്തെക്കുറിച്ച് തന്നെ ശ്രീ. കെ. എ. ചന്ദ്രനും നോട്ടീസ് നൽകിയിരുന്നു.

(1) വരൾച്ചയും കൃഷിനാശവുംമൂലം പാലക്കാട് ജില്ലയിലെ കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, 2003 വർഷത്തിൽ കഴിഞ്ഞ ദശകത്തിലെ ഏറ്റവും കുറഞ്ഞ മഴയാണ് സംസ്ഥാനത്ത് രേഖപ്പെടുത്തിയിട്ടുള്ളത്. ശരാശരിയിൽ 27 ശതമാനം കുറവാണ് ഈ വർഷമുണ്ടായത്. ഇതിന്റെ ഫലമായി സംസ്ഥാനത്ത് പൊതുവെ പാലക്കാട്, കോഴിക്കോട്, വയനാട്, ഇടുക്കി ജില്ലകളിൽ പ്രത്യേകിച്ചും കടുത്ത വരൾച്ച ഉണ്ടായിട്ടുണ്ട്. 310 സെന്റീമീറ്റർ മഴയാണ് കേരളത്തിൽ ലഭിക്കുക. ഈ വർഷം 227 സെന്റീമീറ്റർ മഴയാണ് കേരളത്തിൽ ലഭ്യമായിട്ടുള്ളത്. കാലവർഷവും തുലാവർഷവും ഒരുപോലെ കുറഞ്ഞതിന്റെ ഭാഗമായിട്ടാണ് ഗുരുതരമായ വരൾച്ചയും കാർഷികോല്പാദന നഷ്ടവും ഇന്ന് കേരളം നേരിടുന്നത്. കടുത്ത വരൾച്ച ഉയർത്തിയ കൊടിയ ദുരിതത്തിലേക്കാണ് പാലക്കാട് ജില്ല എടുത്തെറിയപ്പെട്ടിരിക്കുന്നത്. കേരളത്തിന്റെ നെല്ലറ എന്ന് പെരുമകൊണ്ട പാലക്കാട്ടെ രണ്ടാം വിള നെൽക്കൃഷി പൂർണ്ണമായും ഉണങ്ങി നശിച്ചിരിക്കുകയാണ്. കേരളത്തിന്റെ നെല്ലുൽപ്പാദനത്തിൽ മൂന്നിലൊന്ന് പാലക്കാട് ജില്ലയിലാണ്. 57,845 ഹെക്ടർ സ്ഥലത്താണ് രണ്ടാംവിള കൃഷിയിറക്കിയിരിക്കുന്നത്. ഇതിൽ 22,500 ഹെക്ടർ കൃഷി ചെയ്യുന്ന മലമ്പുഴ ആയക്കെട്ട് പൂർണ്ണമായും നശിച്ചിരിക്കുകയാണ്. മഴ കുറഞ്ഞതും മലമ്പുഴ വൃഷ്ടി പ്രദേശത്തെ 8 ജലസ്രോതസ്സുകളിലെ വെള്ളം തമിഴ്നാട് ഗതി തിരിച്ചുവിട്ടതും മലമ്പുഴ ഡാമിൽ വെള്ളമില്ലാതാക്കി. സാധാരണ വർഷത്തിൽ 75 ദിവസം വരെ ജലസേചനത്തിന് വെള്ളം വിട്ടിരുന്നിടത്ത് ഈ വർഷം 19 ദിവസം മാത്രമാണ് വെള്ളം വിട്ടത്. മലമ്പുഴയിലേക്കുള്ള ജലസ്രോതസ്സ് ഗതി തിരിച്ചുവിട്ടത് പുനഃസ്ഥാപിക്കണം. ദേശാഭിമാനി ദിനപത്രമാണ് ഇതു സംബന്ധിച്ച വാർത്ത പുറത്തു കൊണ്ടുവന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥന്മാർ ഇതു സംബന്ധിച്ച് അന്വേഷിച്ചു. അന്വേഷിച്ച 8 സ്ഥലത്ത് ഗതി തിരിച്ചുവിട്ടിട്ടുണ്ടെന്ന റിപ്പോർട്ട് ഗവൺമെന്റിനു കൊടുത്തു. ഇറിഗേഷൻ വകുപ്പുമന്ത്രിയാണ് ഇക്കാര്യത്തിൽ മറുപടി പറയേണ്ടത്. ഇതു സംബന്ധിച്ച് എന്തു നടപടി സ്വീകരിക്കാൻ പോകുന്നുവെന്നുള്ളതിനെക്കുറിച്ച് വ്യക്തമായ യാതൊരു അറിയിപ്പും ഉണ്ടായിട്ടില്ല. അതുപോലെതന്നെ പറമ്പിക്കുളം-ആളിയാർ പദ്ധതി

9.30 A.M.]

LIBRARY ARCHIVES Kerala Legislative Assembly

കരാർ പ്രകാരം 7.25 ടി.എം.സി. ജലം കേരളത്തിന് കിട്ടണം. ഏറ്റവും ചുരുങ്ങിയത് 3.50 ടി.എം.സി. ജലം കിട്ടിയാൽ ചിറ്റൂർ താലൂക്കിലെ വരൾച്ച പൂർണ്ണമായും മാറ്റിയെടുക്കാൻ കഴിയും. കൃഷിനാശം പൂർണ്ണമായും ഇല്ലാതാക്കാൻ കഴിയും. പക്ഷേ ഇപ്പോൾ 2.6 ടി.എം.സി. വെള്ളം മാത്രമാണ് കിട്ടിയിട്ടുള്ളത്. ഇപ്പോൾ കൃഷിക്കാർ ഇക്കാര്യത്തിൽ വലിയ പ്രക്ഷോഭം ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ഇന്നലെ എക്സിക്യൂട്ടീവ് എൻജിനീയറുടെ ഓഫീസ് വളഞ്ഞ് കക്ഷിരാഷ്ട്രീയത്തിനതീതമായി കൃഷിക്കാർ വഴിതടയൽ ഉൾപ്പെടെയുള്ള വലിയ പ്രക്ഷോഭ സമരം നടത്തിയിരിക്കുകയാണ്. മാസങ്ങളോളം നീണ്ട പ്രക്ഷോഭ സമരം ചിറ്റൂരിലെ കൃഷിക്കാർ നടത്തി. എന്നിട്ടും കരാർ പ്രകാരം കേരളത്തിലേക്ക് കിട്ടേണ്ട വെള്ളം ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. കരാർ പ്രകാരം കേരളത്തിന് കിട്ടേണ്ട വെള്ളം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഇതുമായി ബന്ധപ്പെടുത്തി എനിക്ക് സൂചിപ്പിക്കാനുള്ളത്. കൃഷി വകുപ്പിന്റെ പ്രാഥമിക കണക്കെടുപ്പിൽ 40 കോടി രൂപയുടെ നഷ്ടമാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഇപ്പോൾ കൃഷിനാശം വീണ്ടും വർദ്ധിച്ചതിന്റെ ഭാഗമായി 122 കോടി രൂപയുടെ നഷ്ടമുണ്ടെന്ന് കൃഷി വകുപ്പിന്റെ കണക്കിൽ പറയുന്നുണ്ട്. ഇത് നെൽക്കൃഷിയുടെ കാര്യം മാത്രമാണ്. ഉണക്ക് അനുസരിച്ച് നഷ്ടം വീണ്ടും വർദ്ധിക്കാനിടയുണ്ട്. ഇതിനുപുറമേ, പച്ചക്കറി കൃഷിയുടെ നഷ്ടം, തോട്ടവിളയുടെ ഉല്പാദന നഷ്ടം ഇതെല്ലാം കൂടി ചുരുങ്ങിയത് ഏതാണ്ട് 300 കോടി രൂപയുടെ നഷ്ടമുണ്ടാകും എന്നാണ് കണക്കാക്കിയിരിക്കുന്നത്. നെൽക്കൃഷിക്ക് ഹെക്ടറിന് ചുരുങ്ങിയത് പതിനായിരം രൂപ നഷ്ടപരിഹാരം നൽകണം. വരൾച്ച ബാധിത ജില്ലയായി പ്രഖ്യാപിച്ച പാലക്കാട് ജില്ലയിലെ കർഷകരുടെ കാർഷിക കടങ്ങൾ എഴുതിത്തള്ളണം. കൃഷിനാശംമൂലം ജോലി നഷ്ടപ്പെട്ട കർഷകത്തൊഴിലാളികൾ ദുരിതത്തിലാണ്. ലക്ഷക്കണക്കിന് തൊഴിലാളികൾ നേരിടുന്ന പട്ടിണിയും ദുരിതവും കണക്കിലെടുത്ത് അടുത്ത വിളവെടുപ്പ് വരെ കർഷകത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ അനുവദിക്കണം. വരൾച്ചമൂലം കുടിവെള്ളക്ഷാമം രൂക്ഷമാവുകയാണ്. ഇപ്പോൾത്തന്നെ കുളങ്ങളും കിണറുകളും പുഴകളും വറ്റിവരണ്ടു കഴിഞ്ഞു. കടുത്ത വേനലിൽ കുടിവെള്ളക്ഷാമം രൂക്ഷമാവും. അത് നേരിടുന്നതിന് സത്വര ശ്രദ്ധ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം. 5 മന്ത്രിമാരും പ്രതിപക്ഷനേതാവും ജനപ്രതിനിധികളും പങ്കെടുത്ത യോഗം നടന്നു. ആറേകാൽ കോടി രൂപയുടെ സഹായം ഗവൺമെന്റ് പ്രഖ്യാപിച്ചു. ഇത് പറയുമ്പോൾത്തന്നെ ഒരു കാര്യം സൂചിപ്പിക്കാനുണ്ട്. കഴിഞ്ഞ വർഷം കൃഷി വകുപ്പ് കണക്കാക്കിയത് പാലക്കാട് ജില്ലയിൽ വരൾച്ചയുടെ ഭാഗമായി മുപ്പത്തി ഏഴര കോടി രൂപയുടെ കൃഷിനാശമുണ്ടായി എന്നാണ്. ഗവൺമെന്റ് രണ്ടര കോടി രൂപയുടെ സഹായധനം പ്രഖ്യാപിച്ചു. ഇന്നുവരെ നയാപൈസ ഇതിന്റെ ഭാഗമായി പാലക്കാട് ജില്ലയിൽ

LIBRARY ARCHIVES Kerala Legislative Assembly

കൃഷിനാശം സംഭവിച്ച കർഷകർക്ക് ലഭിച്ചിട്ടില്ല. സർക്കാർ ചെക്ക് കൊടുത്തു. ചെക്ക് തിരിച്ചുപോവുകയാണ്. 5 മന്ത്രിമാരും ജനപ്രതിനിധികളും പങ്കെടുത്ത യോഗത്തിൽ ജനപ്രതിനിധികൾ ഇക്കാര്യങ്ങൾ ഒരേ രൂപത്തിൽ ഉന്നയിച്ചു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രദ്ധിക്കണം. അന്ന് ധനകാര്യ വകുപ്പുമന്ത്രി ആ യോഗത്തിൽ പറഞ്ഞത് ട്രഷറി ഡയറക്ടർക്ക് നിരോധനം എടുത്തുകളഞ്ഞുകൊണ്ടുള്ള ഓർഡർ കൊടുത്തുവെന്നാണ്. 12-ാം തീയതി ട്രഷറി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ട് ഇന്നേവരെ ആ നിരോധനം പിൻവലിച്ചതിന്റെ യാതൊരു ആനുകൂല്യവും പാലക്കാട് ജില്ലയിലെ കർഷകർക്ക് കിട്ടിയിട്ടില്ല. കഴിഞ്ഞ വർഷം പ്രഖ്യാപിച്ച പൈസ പോലും കൊടുത്തിട്ടില്ല. അപ്പോഴാണ് ഇത്തവണ ആറേകാൽ കോടി രൂപയുടെ ധനസഹായത്തിനുള്ള പ്രഖ്യാപനം വന്നിട്ടുള്ളത്. അതും കഴിഞ്ഞ വർഷത്തെ പ്രഖ്യാപനം പോലെതന്നെയാകാനാണ് സാദ്ധ്യതയുള്ളത്. അതുകൊണ്ട് ഗവൺമെന്റ് ഇക്കാര്യത്തിൽ അടിയന്തിരമായ നടപടി സ്വീകരിക്കണം. വരൾച്ച ഇപ്പോൾ കേരളത്തിൽ സ്ഥിരമായ ഒരു സംഭവമായി മാറിക്കൊണ്ടിരിക്കുകയാണ്. കൃഷിനാശം കൊണ്ട് കോടിക്കണക്കിന് രൂപയുടെ നഷ്ടമാണ് കേരളത്തിന് സംഭവിക്കാൻ പോകുന്നത്. അത്തരമൊരു ദുരന്തം കേരളത്തിലെ കൃഷിക്കാർ നേരിടുമ്പോൾ കേന്ദ്രത്തിൽ നിന്ന് ആവശ്യമായ സഹായധനം നേടിയെടുക്കുന്നതിനുവേണ്ട നടപടികൾ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഇപ്പോൾ 12-ാം തീയതി നടന്ന യോഗത്തിനു ശേഷം കേരളത്തിലെ റവന്യൂ വകുപ്പുമന്ത്രി ഏതാണ്ട് 1250 കോടി രൂപയുടെ നഷ്ടം കേരളത്തിന് ഉണ്ടായിട്ടുണ്ടെന്ന ഒരു ഏകദേശ കണക്ക് പത്രത്തിലൂടെ പുറത്ത് പറഞ്ഞു. 1250 കോടി രൂപയുടെ നഷ്ടമുണ്ടായത് കേന്ദ്രത്തിൽ നിന്ന് ലഭ്യമാക്കിത്തരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം. യഥാവിധി കേന്ദ്രത്തിന്റെ ശ്രദ്ധയിൽ ഈ വിഷയം കൊണ്ടുവരാനും അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിന് അർഹമായ ആനുകൂല്യം നേടിയെടുക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് ഇക്കാര്യത്തിൽ കർശനമായ നീക്കവും നടപടിയും ഉണ്ടാകണമെന്നാണ് ഇതുമായി ബന്ധപ്പെടുത്തി എനിക്ക് സൂചിപ്പിക്കാനുള്ളത്. ഈ വിഷയങ്ങളെല്ലാം ഉന്നയിച്ചുകൊണ്ടുള്ള വലിയ പ്രക്ഷോഭ സമരം പാലക്കാട് ജില്ലയിൽ ഉയർന്ന് വരികയാണ്. കഴിഞ്ഞ 17-ാം തീയതി പാലക്കാട് കളക്ടറേറ്റിലേക്ക് കർഷകരും കർഷകത്തൊഴിലാളികളും അടങ്ങുന്ന പതിനായിരക്കണക്കിന് ആളുകളാണ് മാർച്ച് നടത്തിയത്. വലിയ പ്രക്ഷോഭ സമരം ഉയർന്നുവരാൻ സാദ്ധ്യതയുള്ള ഈ ജനകീയ ആവശ്യം, പാലക്കാട് ജില്ലയുടെ ആവശ്യം പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചുകൊണ്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, ഈ ശ്രദ്ധക്ഷണിക്കൽ പാലക്കാടിന്റെ മാത്രമായിട്ടാണ് എനിക്ക് കിട്ടിയത്. അതുകൊണ്ട് സംസ്ഥാനത്തുടനീളമുള്ള വരൾച്ചയെപ്പറ്റി ഞാൻ കണക്കെടുത്തിട്ടില്ല. .....(ബഹളം).....

മി. സ്പീക്കർ: എന്തെങ്കിലും പറയാൻ തുടങ്ങുമ്പോൾ വെറുതെ കമന്റടിക്കേണ്ട. .....Balan.....it is not fair... You must keep silence.

ശ്രീമതി കെ. ആർ. ഗൗരിയമ്മ: പാലക്കാടിന് മാത്രമാണ് കണക്കെടുത്തത്. അതും എന്നോട് ചോദിച്ചതുകൊണ്ടാണ് മറുപടി പറഞ്ഞത്. യഥാർത്ഥത്തിൽ മറുപടി പറയേണ്ടത് റവന്യൂ വകുപ്പുമന്ത്രിയാണ്. പക്ഷേ കൃഷിനാശവും അതിനോടനുബന്ധിച്ചുള്ള കാര്യങ്ങളും പറഞ്ഞതുകൊണ്ട് ഞാൻ മറുപടി പറയുകയാണ്. ഇതിൽ കഴിഞ്ഞ 10 വർഷത്തെ മഴയുടെ ലഭ്യത നോക്കുമ്പോൾ പാലക്കാട് ജില്ലയിൽ ഏറ്റവും കുറവ് മഴയാണ് ഈ കൊല്ലം ലഭിച്ചത്. 1994 വർഷത്തിൽ 2102 മില്ലീമീറ്റർ മഴ ലഭിച്ച സ്ഥാനത്ത് 2003 വർഷമായപ്പോൾ 1208 മില്ലീ മീറ്റർ മഴയായി കുറഞ്ഞു. ഈ വരൾച്ച നെൽക്കൃഷി മേഖല കൂടാതെ ഹ്രസ്വ-മദ്ധ്യ-ദീർഘകാല വിളകളായ ഇഞ്ചി, വാഴ, കുരുമുളക്, പയർവർഗ്ഗങ്ങൾ, കമിസ്, നിലക്കടല, തെങ്ങ്, പച്ചക്കറികൾ, കവുങ്ങ് തുടങ്ങിയവയേയും സാരമായി ബാധിച്ചിട്ടുണ്ട്. ജില്ലയിൽ മൊത്തം അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെന്റ് എടുത്ത കണക്കനുസരിച്ച് 124.93 കോടി രൂപയുടെ വിളനാശം ഉണ്ടായതായാണ് കണക്കാക്കിയിരിക്കുന്നത്. പാലക്കാട് വരൾച്ച നേരിടുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെ ചേർക്കുന്നു. കൃഷിനാശം മൂലം കൃഷി നഷ്ടപ്പെട്ട കർഷകർക്ക് ആശ്വാസം എത്തിക്കുന്നതിനായി പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർക്ക് രണ്ടു കോടി രൂപ Treasury നിയന്ത്രണം ഒന്നും ഇല്ലാതെ കൈവശം കൊടുത്തിട്ടുണ്ട്. അത് കർഷകർക്ക് വിതരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു തുടങ്ങി. 12-1-2004-ൽ മന്ത്രിസഭ ഉപസമിതി ജില്ല സന്ദർശിച്ചതിനെത്തുടർന്ന് നികുതികൾ ഒഴിവാക്കി. ഭൂ നികുതി പിരിവും വെള്ളക്കര പിരിവും ആറു മാസത്തേക്ക് നിർത്തിവച്ചു. കടാശ്വാസ നടപടികളുടെ ഭാഗമായി അണവാരി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സഹകരണ ബാങ്കുകൾ നൽകിയിട്ടുള്ള കാർഷിക അനുബന്ധ വായ്പകളുടെ തിരിച്ചടവ് ആറു മാസത്തേക്ക് നിർത്തിവയ്ക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ദീർഘകാല നടപടികളുടെ ഭാഗമായി ജലത്തിൽ ലഭ്യമായിട്ടുള്ള വിഭവങ്ങളെക്കൂടി ഉൾപ്പെടുത്തി ഒരു സമഗ്ര ജല മാനേജ്മെന്റ് മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നു. ജല സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി ജില്ലാ

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമ വികസന ഏജൻസി, ഇന്റഗ്രേറ്റഡ് ലാന്റ് ഡെവലപ്മെന്റ് പ്രോഗ്രാം എന്നിവയുടെ നേതൃത്വത്തിൽ മഴവെള്ള ശേഖരണം, തടയണകൾ, കിണറുകൾ എന്നിവയുടെ സംരക്ഷണം എന്നിവ നടത്തുന്നതിനും വനവൽക്കരണം സംബന്ധിച്ച പ്രചാരണ പരിപാടികൾക്കുള്ള നടപടികളും നടത്തിവരുന്നുണ്ട്. ഇതിനുപുറമെ ആർ.എസ്.വി.വൈ.എഫ്-ന്റെ ഭാഗമായി 250 നികന്നു പോയ കുളങ്ങൾ കുഴിക്കുന്നതിനാവശ്യമായ നടപടികൾ എടുത്തിരിക്കുകയാണ്. പ്രധാനപ്പെട്ട നദികളും തീരങ്ങളും വൃത്തിയാക്കുന്നതിനും, തീരങ്ങളുടെയും ചാലുകളുടെയും അറ്റകുറ്റ പണികൾ ചെയ്യുന്നതിനും, അനധികൃത മണൽ ഖനനം തടയുന്നതിനും റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗപ്പെടുത്തി വരുന്നു. ഇവ കൂടാതെ പരമ്പരാഗത കുളങ്ങളും കിണറുകളും നന്നാക്കുന്നതിനും, സംരക്ഷിക്കുന്നതിനും ബി.ഡി.ഒ.-മാരുടെ മേൽനോട്ടത്തിൽ ഒരു പ്രത്യേക പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. ഇത് ഉടൻ നടപ്പിലാക്കുന്നതാണ്. എം.എൽ.എ. മാർ, ഗവൺമെന്റ് ഫണ്ട്, എം.പി. ഫണ്ട്, ആർ.എസ്.വി.വൈ.എഫ്.-കൃഷി വകുപ്പിൽ നിന്ന് ഉപയോഗിക്കുന്നതായിട്ടുള്ള ഫണ്ട് ഇവയെല്ലാം ക്രോഡീകരിച്ച് മന്നിച്ച് വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. മേൽപ്പറഞ്ഞതിനു പുറമെ നിലവിലുള്ള പദ്ധതികൾ മുഖേന 534.220 ടൺ നെൽ വിത്ത്, 3.115 ടൺ പച്ചക്കറി വിത്ത്, 10 ടൺ പയറുവർഗ്ഗ വിത്ത്, 54 ടൺ നിലക്കടല വിത്ത് എന്നിവയും സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. ഇതിന്റെ മൊത്തം ചെലവ് 98.5 ലക്ഷം രൂപയാണ്. കർഷക തൊഴിലാളികളുമായി അന്നത്തെ ചർച്ചയുടെ ഫലമായി എടുത്ത തീരുമാനം ഫ്രീ റേഷൻ അല്ലായിരുന്നു. ഫുഡ് ഫോർ വർക്ക് ആയിരുന്നു. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള നടപടികളും എടുത്തു വരുന്നു.

<u>ശ്രീ. വി. ചെന്താമരാക്ഷൻ:</u> ഇവിടെ ഒരുപാട് ആനുകൂല്യം മന്ത്രി പ്രഖ്യാപിച്ചു. കഴിഞ്ഞ വർഷത്തെ വരൾച്ചയുടെ ഭാഗമായിട്ടുള്ള പൈസ പോലും ഇപ്പോൾ കൊടുത്തിട്ടില്ല. ട്രഷറി നിയന്ത്രണം എടുത്തുകളയണമെന്ന് ഒരു യോഗത്തിൽ ആവശ്യപ്പെട്ടപ്പോൾ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത് ട്രഷറി ഡയറക്ടർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നാണ്. നിർദ്ദേശം കൊടുത്തിട്ടുണ്ടെന്ന് പറഞ്ഞിട്ട് ഒരാഴ്ച കഴിഞ്ഞു. ട്രഷറി ഡയറക്ടർക്ക് യാതൊരു നിർദ്ദേശവും പോയിട്ടില്ല. അതിന്റെ യാതൊരു ആനുകൂല്യവും കർഷകർക്ക് ലഭ്യമായിട്ടില്ല. ആനുകൂല്യം ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. കെ. ശങ്കരനാരായണൻ):</u> പാലക്കാട് വച്ച് നാല് മന്ത്രിമാരും പ്രതിപക്ഷനേതാവും ചില നിയമസഭാ സാമാജികൻമാരും എം.പി.-യും അടങ്ങിയ യോഗത്തിൽവച്ച് വർൾച്ചയുമായി

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ടതും, കൃഷിയുമായി ബന്ധപ്പെട്ടതുമായ പദ്ധതികൾക്കു എത്ര കോടി ഉറുപ്പിക നീക്കി വച്ചിട്ടുണ്ടെങ്കിലും അതിൽ ഒരു ഉറുപ്പികയ്ക്കും ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല എന്ന് പറഞ്ഞിട്ടുണ്ട്. എന്നു വേണമെങ്കിലും മാറ്റിയെടുക്കാൻ കളക്ടർക്ക് ഓർഡർ കൊടുത്തിട്ടുണ്ട്. ഇതിൽ ഏത് ചെക്കാണ് മാറ്റി കിട്ടാത്തത് എന്നു വച്ചാൽ എന്നോട് പറഞ്ഞാൽ അപ്പോൾ മാറ്റി തരുന്നതാണ്.

ശ്രീമതി കെ. ആർ. ഗൗരിയമ്മ: കഴിഞ്ഞ കൊല്ലത്ത് കിട്ടിയിട്ടില്ല എന്നു പറയുന്നത് ശരിയല്ല. കഴിഞ്ഞ കൊല്ലം അൻപത് ലക്ഷം കൊടുത്തു. രണ്ടു കോടി ആയിരുന്നു ഉണ്ടായിരുന്നത്. പിന്നെ അത് ട്രഷറി ബാൻ കാരണം കൊടുക്കാൻ കഴിഞ്ഞില്ല. അതും കൊടുത്തു കഴിഞ്ഞു. പൈസ കൊടുത്തു കഴിഞ്ഞത് അന്വേഷിക്കാതെയാണ് ശ്രീ. ചെന്താമരാക്ഷൻ പറയുന്നത്. ഇതിനു പുറമെ ഒരു കോടി രൂപയുടെ നെൽ വിത്ത് സൗജന്യമായിട്ട് വിതരണം ചെയ്തിരുന്നു.

(2) കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവുമൂലം വയനാട് ജില്ലയിലെ കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: സർ, വയനാട് ജില്ലയിലെ ചെറുകിട കാപ്പി, കുരുമുളക് കർഷകരുടെയും, ചെറുകിട തേയില കർഷകരുടെയും ദുരിതങ്ങൾ പതിനൊന്നാം കേരള നിയമസഭയുടെ കഴിഞ്ഞ ആറ് സമ്മേളനങ്ങളിലും ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. കാര്യമായ പരിഹാരം ഉണ്ടായിട്ടില്ല. കഴിഞ്ഞ വർഷം കാപ്പി, കുരുമുളക് കർഷകർക്ക് ഹെക്ടറിന് ആയിരം രൂപ ധനസഹായം നൽകിയിട്ടുള്ള കാര്യം ഞാൻ വിസ്മരിക്കുന്നില്ല. അത് ഐക്യ ജനാധിപത്യമുന്നണി ഗവൺമെന്റ് കാർഷിക കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി നൽകുന്ന ആനുകൂല്യമാണ്. പക്ഷെ കൃഷിക്കാരുടെ ദുരിതങ്ങൾ ഓരോ ദിവസം കഴിയുമ്പോഴും കൂടി വരികയാണ്. കാപ്പിക്ക് കിലോഗ്രാമിന് 130 രൂപ വരെ കിട്ടിക്കൊണ്ടിരുന്നത് 27 രൂപയായി കുറഞ്ഞു. കിലോഗ്രാമിന് 250 രൂപ വരെ കിട്ടിക്കൊണ്ടിരുന്ന കുരുമുളകിന്റെ വില 80 രൂപയായി കുറഞ്ഞു. കിലോഗ്രാമിന് കൊളിന്തിന്, പച്ച ചായ ഇലയ്ക്ക് 20 രൂപവരെ കിട്ടിക്കൊണ്ടിരുന്നത് ഇപ്പോൾ 6 രൂപയായി കുറഞ്ഞു. രണ്ടു മുതൽ ഏഴു രൂപ വരെയുള്ള ചില ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവ് ഈ അടുത്ത കാലത്ത് ഉണ്ടായിട്ടുള്ളതാണ്. കർഷകർ പലരും കടക്കെണിയിലാണ്. കടം ഈടാക്കാൻ ബാങ്കുകൾ ജപ്തി നടപടികളുമായി വരുമ്പോൾ കർഷകർ കൂട്ടായി അതിനെ തടയുകയും ചെയ്യുന്ന സംഭവങ്ങൾ ഉണ്ട്. ക്രമസമാധാന പ്രശ്നങ്ങൾക്കുകൂടി ഇത് വഴിയൊരുക്കുകയാണ്. ഉൽപ്പാദന ചിലവിന്റെ പകുതി വില പോലും കിട്ടാത്ത കാർഷിക ഉൽപ്പന്നങ്ങളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly